(ബി) കമ്മ്യൂണിറ്റി പ്രാജക്റ്റ് അഡ്മിനിസ്ട്രേഷനിൽ നിന്നും അനുമതി കിട്ടിയാൽ 1956 ജനുവരി 1 (ഒന്നു) മുതൽ

(സി) സ്റ്റേറ്റ് ഒട്ടാകെ ബ്ലാക്കുകളായി തിരിച്ചിട്ടുണ്ട്. ആ കൂട്ടത്തിൽ പ്രാജക്റ്റുകളേയും തിരിച്ചിട്ടുണ്ട്. വിസ്തീർണ്ണം, ജനസംഖ്യ മുതലായവയാണ് മാനദണ്ഡം.

പരാതികൾ.

* 893. [64] ശ്രീ. കെ. എ. ബാലൻ: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

പരാതികൾ ലഭിച്ചാൽ അതിനു് മറുപടി അയയ്ക്കുന്ന സംപ്രദായം സ്വീകരിക്കാൻ ഉദ്യോഗസ്ഥമേധാവികൾക്കു് നിർദ്ദേശം നൽകുമോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

മറുപടി അയയ്ക്കുന്ന സംപ്രദായം നിലവിലുള്ളതിനാൽ പ്രത്യേക നിർദ്ദേശം ആവശ്യമുണ്ടെന്നു് തോന്നുന്നില്ല.

Employees' State Insurance Scheme.

* 894. [65] ശ്രീമതി കെ. ആർ. ഗൗരി: താഴെ കാണുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കയർവ്യവസായത്തിലെ തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തി എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഈ കാര്യം കേന്ദ്രഗവണ്മെൻറിൻറെ ആലോചനയിൽ ഇരിക്കുകയാണു്.

Pilot Cars.

* 895. [67] SHRI V. K. ACHUTHA MENON: will the Chief Minister be pleased to state:

(a) whether pilot arrangements are not made when distinguished guests visit the State;

(b) if so, to whom orders are issued and how the officers concerned make arrangements for the pilot cars;

(c) do the Government meet the necessary expenditure for these cars and for the T. A. etc. of the officers in charge of the pilot arrangements; and

(d) is it a fact that cars owned by bus owners are often being used for the pilot arrangements and if so whether hire charges are being paid to the owners concerned?

Home Minister (SHRI A. J. JOHN):

(a) Yes.

(b) Orders are issued by the Inspector General of Police to the D. S. P. concerned who selects and entrusts the

LIBRARY ARCHIVES Kerala Legislative Assembly

work to a suitable officer. Ordinarily departmental vehicles are used. Private cars of the officers or hired cars are used when departmental vehicles are not avilable.

(c) Yes.

(d) Cars owned by bus owners are not generally used. Whenever they are used hire charges at the prescribed rates are paid.

കണ്ടറ അലൂമിനിയം ഫാക്റ്ററി.

* 896. [69] ശ്രീ. കെ. ചന്ദ്രശേഖര ശാസ്ത്രി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

കണ്ടറ അലൂമിനിയം ഫാക്റ്ററിയിൽ ഗവണ്മെൻറിന് ഷെയറുണ്ടോ ; ഉണ്ടെങ്കിൽ എത്രശതമാനം; ഇല്ലെങ്കിൽ കാരണമെന്ത്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

കണ്ടറ അലൂമിനിയം ഇൻഡസ്ട്രീസിൽ 10% ഷെയറുകൾ ഉണ്ട്.

F. A. C. T. യിൽനിന്നുമുള്ള മലിനജലം.

* 897. [72] ശ്രീ. കെ. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഫ്. എ. സി. ടി. യിലെ വളംനിർമ്മാണം കഴിഞ്ഞു പുറത്തെയ്ക്ക് വിടുന്ന വെള്ളം എവിടെയാണ് കളയുന്നത് ;

(ബി) ഈ വെള്ളം കളയുന്നതിനു ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന ക്രമീകരണം പൊതുജനാരോഗ്യത്തിനു ഹാനികരമാണെന്നു ആക്ഷേപം കിട്ടിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആക്ഷേപം പരിഹരിക്കുന്നതിനു എന്തു നടപടി എടുത്തു ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ബാർജിസിൽ നിറച്ചു കടലിൽ കൊണ്ടുപോയി ഒഴിക്കുന്നു.

(ബി) മുൻപു ചില അവസരങ്ങളിൽ വർഷകാലത്തു് ഈ മലിനജലം പെരിയാറിൽ ഒഴിച്ചിരുന്നു. ഈ മാർഗ്ഗം പൊതുജനാരോഗ്യത്തിനു ഹാനികരമാണെന്നു പരാതി കിട്ടിയിട്ടുണ്ടു്.

(സി) ഫാക്റ്ററിയിൽനിന്നും നിർഗമിക്കുന്ന മലിനജലം ഒരിടത്തും ആറ്റിലേയ്ക്കു വിടരുതെന്നു കമ്പനിപ്രവർത്തകർക്കു നിർദ്ദേശം നൽകിയിട്ടുണ്ടു്.

സോഷ്യലിസ്റ്റ് സമൂഹക്രമം.

* 898. [74] ശ്രീ. പി നാരായണൻ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് കഴിഞ്ഞ വാർഷിക സമ്മേളനത്തിൽ തങ്ങളുടെ ലക്ഷ്യമായി പ്രഖ്യാപിച്ചിട്ടുള്ള സോഷ്യലിസ്റ്റ് സാമൂഹ്യക്രമം കൈവരുത്തുന്നതിനുവേണ്ടി സ്റ്റേറ്റ് ഗവണ്മെൻറ് ഇതുവരെ എന്തെല്ലാം ചെയ്തിട്ടുണ്ട് :

LIBRARY ARCHIVES Kerala Legislative Assembly